

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

## *Laity Reflect on* Syro-Malabar Sunday Mass SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

നോമ്പ് രണ്ടാം ഞായർ

2023 ഫെബ്രുവരി 26



# പാറമേൽ ഭവനം പണിയുന്നവർ

ഉൽപ്പത്തി 5:19-31 ദൈവത്തോട് ചേർന്ന് ജീവിച്ചവർ

ജോഷ്വാ 4:15-24 യോർദ്ദാനിലൂടെ രക്ഷയുടെ നാട്ടിലേക്ക്

റോമാ 6:15-23 കൃപക്ക് കീഴ്പ്പെട്ടവർ

മത്താ: 7:21-27 യഥാർത്ഥ ശിഷ്യൻ

എല്ലാ ദിവസവും കൃത്യമായി പള്ളിയിൽ വന്നു കുർബാന കാണുന്ന സാധാരണ വിശ്വാസി കൾക്ക് ഒരു പക്ഷെ അങ്ങെയറ്റം അങ്കലാപ്പ് ഉണ്ടാക്കുന്ന ഒരു സുവിശേഷഭാഗമാണ് ഇന്ന് നാം കേട്ടത്. ഇന്നത്തെ വചനഭാഗം കേട്ട് ചൊല്ലിയ പ്രാർത്ഥനകളും, കണ്ട കുർബാനകളും ഒക്കെ വൃഥാവിൽ ആയോ എന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റം പറയാൻ പറ്റില്ല. കർത്താവെ, കർത്താവെ എന്ന് വിളിച്ചപേക്ഷി ക്കുന്നവനല്ല, മറിച്ച് എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യ ത്തിൽ പ്രവേശിക്കുക എന്നാണ് ക്രിസ്തു ഇന്ന് നമ്മോടു പറയുന്നത്. ഇന്നത്തെ വചനം കേൾക്കുന്ന എല്ലാവരുടെയും മുന്നിലുള്ള ചോദ്യം, കർത്താവെ, കർത്താവെ എന്ന് വിളിച്ചിട്ടും, ദൈവത്തിന്റെ ഇഷ്ടം അറിയാതെയും നിറവേറ്റാതെയും പോകുന്നവർ ഉണ്ടോ എന്നതാണ്. ഈശോ ഈ വചനം പറയുന്നു എങ്കിൽ അതിന്റെ അർഥം അങ്ങിനെ ഉള്ളവർ ഉണ്ട് എന്നാണ്. അപ്പോൾ അടുത്ത ചോദ്യം എന്താണ് സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം എന്നാണ്. അത് എല്ലാവർക്കും അറിയാമെങ്കിൽ പ്രശ്നം അവിടെ തീർന്നു. യേശു വിന്റെ വചനങ്ങളിലൂടെ കടന്നു പോകുമ്പോൾ നമ്മൾ വ്യക്തമായി കാണുന്ന ഒരു കാര്യം, പിതാവിന്റെ ഇഷ്ടം വ്യക്തമായി അതിൽ ഉണ്ട് എന്നതാണ്. പക്ഷെ എല്ലാ പ്രബോധനങ്ങളെയും പോലെ, ചെവി ഉണ്ടെങ്കിലും, നമ്മൾ എല്ലാം കേൾക്കണം എന്നില്ല. നമ്മൾ പലപ്പോഴും നമുക്ക് ഇഷ്ടമുള്ളത് മാത്രം കേൾക്കുന്നു. കണ്ണു ണ്ടെങ്കിലും, നമുക്ക് ഇഷ്ടമുള്ളത് മാത്രം കാണുന്നു.

## പിതാവിന്റെ ഇഷ്ടം

സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ബൈബിളിന്റെ ആദ്യ പേജുകളിൽ ഒരു ചോദ്യമായി നമ്മുടെ മുന്നിൽ



ബോബി ജോർജ്

വരുന്നുണ്ട് . ആബേലിനെ കൊലപ്പെടുത്തിയതിനു ശേഷം ദൈവത്തിനു മുന്നിൽ വരുന്ന കായേനോട് ദൈവം ചോദിച്ചു: നിന്റെ സഹോദരൻ എവിടെ? മനുഷ്യനെക്കുറിച്ചുള്ള പിതാവിന്റെ ഇഷ്ടവും, സ്വപ്നവും മുഴുവൻ ഈ ചോദ്യത്തിൽ ഉണ്ട്. ഒരു പക്ഷെ വി. ഗ്രന്ഥത്തിന്റെ ഏറ്റവും വലിയ ഉൽക്കണ്ഠയായി ഈ ചോദ്യത്തെ നമുക്ക് പരിഗണിക്കാം. ദൈവത്തിന്റെ മുമ്പിൽ ഒറ്റയ്ക്ക് ചെന്ന് മിടുക്കൻ ആകാം എന്ന സങ്കല്പം വ്യർത്ഥമാണ്. ഓരോ മനുഷ്യനോടും ദൈവം ചോദിയ്ക്കാൻ ആഗ്രഹിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ചോദ്യം അവർ എത്രമാത്രം സ്വന്തം സഹോദരങ്ങളെ, ചുറ്റുമുള്ളവരെ പരിഗണിച്ചു എന്നതാണ്. രക്ഷ എന്ന് പറയുന്നത്, ഒറ്റയ്ക്ക് നേടിയെടുക്കേണ്ട ഒന്നല്ല, മറിച്ചു എല്ലാവരെയും ചേർത്ത് ഒരുമിച്ചു കരസ്ഥമാക്കേണ്ട ഒന്നാണ്.

പുതിയ നിയമത്തിലേക്കു വരിക. ക്രിസ്തു പറഞ്ഞിട്ടുള്ള ഏറ്റവും ശ്രദ്ധേയമായ ഉപമകൾ നോക്കുക. ധനവാനും ലാസറും മുതൽ, നല്ല സമരിയക്കാരൻ വരെ ഉള്ള ഉപമകളിൽ ക്രിസ്തു പറയാൻ ആഗ്രഹിക്കുന്നത്, നമ്മുടെ കണ്ണുകൾ എത്രമാത്രം അപരനിലേക്കു തിരിച്ചു വയ്ക്കണം എന്നാണ്. മത്തായിയുടെ സുവിശേഷം അധ്യായം ഇരുപത്തിയഞ്ചിൽ ഇതിന്റെ ഏറ്റവും മനോഹരമായ ആവിഷ്ക്കാരം ക്രിസ്തു നടത്തുന്നുണ്ട്. ഒരാൾക്കും അർഥശങ്ക ഇല്ലാത്ത തരത്തിൽ. ഈ സഹോദരരിൽ ഒരുവന് ചെയ്തു കൊടുത്തപ്പോൾ നിങ്ങൾ എനിക്ക് തന്നെയാണ് ചെയ്തത്. ബലിപീഠത്തിൽ കാഴ്ച അർപ്പിക്കുന്നത് പോലും സഹോദരനോട് രമ്യതപ്പെട്ടിട്ടു മതി എന്നാണ് ക്രിസ്തുവിന്റെ കാഴ്ചപ്പാട്. പിതാവിന്റെ ഇഷ്ടം ഇത്ര ലളിതമാണെന്നിരിക്കെ, എന്തുകൊണ്ടാണ് മനുഷ്യർ അത് സ്വാഭാവികമായി ചെയ്യാത്തത്? എന്തുകൊണ്ടാണ് അത് യേശുവിനു പിന്നെയും പിന്നെയും ഓർമ്മിപ്പിക്കേണ്ടി വരുന്നത്? അത് മനസ്സിലാക്കാൻ നമ്മൾ മനുഷ്യനെ കുറച്ചുകൂടി അടുത്തു അറിയേണ്ടതുണ്ട്.

## മനുഷ്യന്റെ സ്വാർത്ഥതയും കാപട്യവും

പ്രശസ്ത പരിണാമ ശാസ്ത്രജ്ഞനായ, റിച്ചാർഡ് ഡോക്കിൻസിന്റെ (Richard Dawkins) സെൽഫിഷ് ജീൻ (Selfish Gene) എന്ന ഒരു പുസ്തകം ഉണ്ട്. സ്വാർത്ഥനായി ജനിക്കുന്ന മനുഷ്യനെക്കുറിച്ച് അതിൽ ഡോക്കിൻസ് ചർച്ച ചെയ്യുന്നുണ്ട്. നമ്മുടെ ഉള്ളിൽ ആഴത്തിൽ വേരോടിയിട്ടുള്ള സ്വാർത്ഥതയുടെ പ്രവണതകളെ തോൽപ്പിച്ചു മറ്റുള്ളവരോട് അനുകമ്പയും, ഔദാര്യവും ഉള്ളവർ ആകാൻ അതിൽ അദ്ദേഹം ആഹ്വാനം ചെയ്യുന്നുണ്ട്. വേട്ടയാടി നടന്ന ഒരു സമൂഹത്തിൽ നിന്നും കാർഷിക സമൂഹത്തിലേക്കും, വ്യാവസായിക, സാങ്കേതികമനുഷ്യനിലേക്കും വരുമ്പോൾ മനുഷ്യൻ കൂടുതൽ സ്വാർത്ഥനാവുന്നു. സ്വന്തം കാര്യം മാത്രം നോക്കി നടക്കുന്ന എത്രയോ മനുഷ്യർ. സ്വന്തം സുഖങ്ങളും, മക്കളുടെ കാര്യങ്ങളും, കൂടി വന്നാൽ അടുത്ത ബന്ധുക്കളും ഒക്കെ നന്നായി നടന്നാൽ മതി എന്ന് അവർ വിചാരിക്കുന്നു. പറ്റുന്നിടത്തോളം എല്ലാം വെട്ടിപ്പിടിക്കാനും, അടുത്ത തലമുറകൾക്കു വേണ്ടി അവ കൂട്ടി വയ്ക്കാനും മനുഷ്യൻ ആഗ്രഹിക്കുന്നു. മറ്റു ജീവിവർഗ്ഗങ്ങൾക്കു സാധിക്കാത്തതും അവർ ചെയ്യാത്തതുമായ ഒരു കാര്യമാണത്. രസകരമായ ഒരു ചിന്ത ഉണ്ട്. ഒരു കുരങ്ങു തനിക്കു തിന്നാൻ പറ്റുന്നതിലും കൂടുതൽ പഴങ്ങൾ കൂട്ടി വച്ചാൽ, ശാസ്ത്രം അതിനു എന്ത് പറ്റി എന്നോർത്ത് അത് പഠിക്കാൻ പുറപ്പെടും. മനുഷ്യൻ അത് ചെയ്താൽ, അവരുടെ ചിത്രം ബിസിനെസ്സ് മാസികയുടെ കവർ ആക്കും. പറഞ്ഞു വരുന്നത്, എല്ലാരും എപ്പൊഴും സ്വാർത്ഥരായി ചിന്തിക്കുന്നു എന്നല്ല, മറിച്ചു അതിലേക്കുള്ള ശക്തമായ ചായ്‌വ് മനുഷ്യനിൽ ഉണ്ട് എന്നാണ്. അതിനെ മറികടക്കുമ്പോഴാണ് നമ്മൾ സംസ്കാരചിത്തരായ മനുഷ്യർ ആകുന്നത്. വേറൊരു തരത്തിൽ പറഞ്ഞാൽ ഇപ്രകാരം സ്വാർത്ഥതയെ മറികടന്നു ചിന്തിക്കുന്ന, അപരനെക്കൂടി സഹോദരനായി കരുതുന്ന കുറച്ചു മനുഷ്യരാണ് ഈ ഭൂമിയെ മനോഹരമാക്കുന്നുത്.

നമ്മുടെ ഭക്തിയിലെ ചില കാപട്യങ്ങൾ നോക്കുക. വെറുതെ സ്നേഹിക്കാനും, ഭക്തകൃത്യങ്ങൾ ചെയ്യാനും എളുപ്പമാണ്. രാവിലെ കാർ എടുത്തു പള്ളിയിൽ പോയി കുർബാന കാണുന്നത് വളരെ എളുപ്പമാണ്. പക്ഷെ അയൽപക്കത്തു പഠിക്കാൻ ബുദ്ധിമുട്ടുള്ള കുട്ടിക്ക് സഹായം ചെയ്യുന്നതോ, വീടില്ലാത്ത ഒരുവന് വീട് വയ്ക്കാൻ സഹായം ചെയ്യുന്നതോ കുറച്ചു ക്ലേശകരമാണ്. അതിൽ കുറച്ചു കൂടി ത്യാഗവും നഷ്ടവും ഉണ്ട്. നൊവേനയിലും, പ്രാർത്ഥനയിലും മുടങ്ങാതെ പങ്കെടുക്കുന്നതിലും പ്രയാസമാണ്, രോഗിയെ സന്ദർശിക്കുന്നതും, അവനു സാമ്പത്തിക സഹായം ചെയ്യുന്നതും. ഇവിടെ പ്രശ്നം, പലപ്പോഴും നമ്മൾ തിരഞ്ഞെടുക്കുന്ന കാര്യങ്ങൾ നമുക്ക് സൗകര്യപ്രദമായതാണ്. അതാണ് ദൈവത്തിന്റെ ഇഷ്ടം എന്ന് നമ്മൾ നമ്മെ തന്നെ വിശ്വസിപ്പിക്കുന്നു . കുർബാനയിൽ പങ്കെടുക്കുന്നതോ, മറ്റു ഭക്ത കൃത്യങ്ങളിൽ പങ്കെടുക്കുന്നതോ ആവശ്യമില്ല എന്നല്ല, മറിച്ചു അത് മാത്രം ചെയ്യുന്നതിലെ ശരികേട് ചിന്താവിഷയമാക്കുന്നത്. എല്ലാ

ദിവസവും മുട്ടിൽ നിന്ന് കൊന്ത ചൊല്ലുന്ന ആളുകളുടെ ഇടയിൽവരെ, സ്വന്തം സഹോദരങ്ങ ളോട് വർഷങ്ങൾ ആയി മിണ്ടാതെ ഇരിക്കുന്നവർ ഉണ്ട്. രമ്യത എന്നുള്ളത് എത്ര ബുദ്ധിമുട്ടാണ് എന്നോർക്കുക. ഇവിടെ നാം ഓർക്കേണ്ട കാര്യം, നമ്മുടെ പ്രവർത്തിയും വിശ്വാസവും തമ്മിൽ പൊരുത്തം വേണം എന്നും, അതാണ് പിതാവിന്റെ ഇഷ്ടം എന്നും ആണ്. യോഹന്നാൻ ശ്ലീഹായും, യാക്കോബ് ശ്ലീഹായും വ്യക്തമായി അത് അവരുടെ ലേഖനങ്ങളിൽ എഴുതി വച്ചിട്ടുണ്ട്. (യാക്കോബ് 2: 14-17, 1 യോഹ 4: 20-21 ) പക്ഷെ മുമ്പ് സൂചിപ്പി ച്ചതു പോലെ, നമ്മൾ പലപ്പോഴും നമുക്ക് ഇഷ്ടമുള്ളത് മാത്രമേ കാണാൻ ആഗ്രഹിക്കുന്നുള്ളൂ. വിശ്വാസത്തെ പ്രവർത്തിയുമായി ബന്ധിപ്പിക്കുന്നതിനു പകരമല്ല ഒരു ധ്യാനവും നൊവേനയും പെരുന്നാളും.

## പാറമേൽ ഭവനം പണിയുന്നവർ

ആൽബർട്ട് പൈനിന്റെ (Albert Pine) ഒരു വാചകം ഉണ്ട് . "നമ്മൾ നമുക്ക് വേണ്ടി ചെയ്യുന്നത് എല്ലാം നമ്മൾ മരിക്കുമ്പോൾ അവസാനിക്കുന്നു. നമ്മൾ മറ്റുള്ളവർക്ക് വേണ്ടിയും, ലോക ത്തിനു വേണ്ടിയും ചെയ്യുന്നവ അനശ്വരമായി നിലനിൽക്കുന്നു'. സമ്പന്നവും, അസന്തുലിതവും ആയ ഒരു ലോകത്താണ് നമ്മൾ ജീവിക്കുന്നത്. ക്രിസ്തുമതം ലോകത്തിനു കൊടുത്ത ഏറ്റവും വലിയ ചിന്ത, എല്ലാ മനുഷ്യരും തുല്യരാണ് എന്നതാണ്. അടിമത്തവും, വർഗ്ഗ, വർണ്ണ, ജാതി വിവേചനങ്ങളും എല്ലാം നേരിട്ട, നേരിട്ടു കൊണ്ടിട്ടിരിക്കുന്ന ലോകത്തിനു ഈ പ്രബോധനം എത്ര വിപ്ലവകരമായിരുന്നു എന്ന് ഓർക്കുക. മതത്തിൽ



വിശ്വസിക്കുന്നവർ എണ്ണിയാൽ തീരാത്തവണ്ണം ഉണ്ട്. ഇവിടെ ക്രിസ്തു തേടുന്നത് സ്നേഹ ത്തിൽ വിശ്വസിക്കുന്നവരെ ആണ്. സ്നേഹത്തിന്റെ കണിക പോലുമി ല്ലാതെ, മതം ഭക്ഷിച്ചു ജീവിക്കുന്ന തിൽ അർത്ഥമില്ല എന്ന് തന്നെ യാണ് ഇന്നത്തെ വചനം ഊന്നിപ്പറയുന്നത്.

മൈക്കിൾ ആഞ്ചെലോയുടെ ജീവിതത്തെ ആസ്പദമാക്കി , ഇർവിങ് സ്റ്റോൺ (Irving Stone) എഴുതിയ മനോഹരമായ ഒരു നോവൽ ഉണ്ട്. The Agony and the Ecstasy. നോവലിന്റെ ഒടുവിൽ , മരിക്കുന്നതിന് തലേ രാത്രി മൈക്കിൾ ആഞ്ചെലോ ഇങ്ങനെ പറയുന്നു. "ജീവിതം എനിക്ക് നന്നായിരുന്നു. ഞാൻ മാർബിൾ നെയും പെയിന്റിങ്ങിനെയും കവിതയെയും സ്നേഹിച്ചു. ഞാൻ ദൈവത്തെയും കുടുംബത്തെയും സുഹൃത്തുക്കളെയും എല്ലാ മനുഷ്യരെയും സ്നേഹിച്ചു. ഞാൻ ജീവിതത്തെ സ്നേഹിച്ചു. ഇപ്പോൾ മരണത്തെ സ്വീകരിക്കാൻ ഒരു ങ്ങുന്നു". പിന്നീട് മൈക്കിൾ ആഞ്ചെലോ, തന്റെ സൃഷ്ടികൾ എല്ലാം ഒരു ദർശനം പോലെ കാണുന്നുണ്ട്. നമ്മുടെ ജീവിത ങ്ങളുടെ അവസാനം, ഇതുപോലെ ഒരു ദർശനം നമ്മെയും കാത്തി രിപ്പുണ്ട്. അവിടെ നമ്മെ ഏറ്റവും ആശ്വസിപ്പിക്കുക, നമ്മൾ അനു ഷ്ഠിച്ച ആചാരങ്ങളോ, ചൊല്ലിയ പ്രാർത്ഥനകളുടെ നീളമോ ആയിരിക്കില്ല, മറിച്ചു നമ്മൾ കൈ പിടിച്ചു വെളിച്ചത്തിലേക്കു നടത്തിയ കുറച്ചു മനുഷ്യരുടെ മുഖങ്ങൾ ആയിരിക്കും. നമ്മൾ അവഗണിച്ച സഹോദരങ്ങളുടെ, നമ്മൾ മറന്ന അയൽക്കാരുടെ, നമ്മൾ രമ്യതപ്പെടാത്ത മനുഷ്യ രുടെ മുഖങ്ങൾ ആയിരിക്കും നമ്മെ അന്ന് ഏറെ ദുഖിപ്പിക്കുക. നമ്മൾ ചെയ്യാൻ മറന്ന നന്മകൾ അന്ന് നമ്മെ വേട്ടയാടും. സ്വാർത്ഥതയുടെ സ്വരം അവഗ ണിച്ചു, മനസ്സാക്ഷിയുടെ സ്വരം കേട്ട്, പാറമേൽ ഭവനം പണിതവർ എത്രയുണ്ട് എന്നതായിരിക്കും ഏറ്റവും അവസാനം നടക്കുന്ന കണക്കെടുപ്പ്.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com